വൈദ്യുതി മീറ്റർ റീഡിംഗ്

16(*46) ശ്രീ. സി. ദിവാകരൻ :

ശ്രീ. ഇ. ചന്ദ്രശേഖരൻ :

ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി മീറ്റർ റീഡിംഗ് ഉദ്യോഗസ്ഥർ വീട്ടിൽ എത്തുമ്പോൾ ആളില്ലാത്തപക്ഷം പിഴ ചുമത്താനുള്ള തീരുമാനം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; പ്രസ്തുത ഇനത്തിൽ ഉപഭോക്താക്കൾക്ക് നിശ്ചയിച്ചിരുന്ന പിഴയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) വൈദ്യുതി വിതരണവും നിരക്കും സംബന്ധിച്ച് വൈദ്യുതി റഗുലേറ്ററി കമ്മീഷൻ എന്തെങ്കിലും മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം ; പ്രസ്തുത മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണോ പിഴ ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഇപ്പോൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നില്ല. പ്രസ്തുത ഇനത്തിൽ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള പിഴ ചുവടെ ചേർക്കുന്നു :

എൽ.റ്റി. സിംഗിൾ ഫേസ്	250 രൂപ
എൽ.റ്റി. ത്രീ ഫേസ്	500 രൂപ
എച്ച്.റ്റി.	5,000 രൂപ
ഇ.എച്ച്.റ്റി.	10,000 രൂപ

(ബി) വൈദ്യുതി വിതരണവും നിരക്കും സംബന്ധിച്ച് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്-2014 പുറപ്പെടുവിച്ചിട്ടുണ്ട്. ടി കോഡിലെ ചട്ടം III പ്രകാരം മീറ്റർ തുടർച്ചയായി രണ്ടുതവണ അപ്രാപ്യമാക്കിയാൽ മേൽ പരാമർശിച്ച പിഴ ഉപഭോക്താക്കൾ ഒടുക്കേണ്ടതായി വരും. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ ചാർജ്ജുകൾ നിശ്ചയിച്ചുകൊണ്ട് 1-7-2015-ൽ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഈ ചട്ടങ്ങളുടെയും കമ്മീഷൻ ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ് കെ.എസ്.ഇ. ബി.ലിമിറ്റഡ് പിഴ ഈടാക്കാൻ തീരുമാനിച്ചത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly